**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5112** **20-07-2022 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാണിജ്യ, വ്യാവസായിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് അഴീക്കലിൽ ഒരു പുതിയ വൻകിട തുറമുഖ നിർമ്മാണത്തിന് തുടക്കം കുറിക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർച്ചയായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്, പദ്ധതിയുടെ വിശദമായ റിപ്പോർട്ട് (DPR) മായി ബന്ധപ്പെട്ട് സാങ്കേതിക ഉപദേഷ്ടാവായ Howe Engineering Projects (I) Pvt. Ltd. സമർപ്പിച്ച ഡിസൈൻ സാങ്കേതികമായി അവലോകനം ചെയ്ത് ചെന്നൈ ഐ.ഐ.റ്റി സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക ഉപദേഷ്ടാവ് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിവരുന്നു. State Environmental Impact Assessment Authority (SEIAA) പ്രോജക്ടിന്റെ പാരിസ്ഥിതിക പഠനം നടത്തിവരികയാണ്. അഴീക്കലിൽ തുറമുഖാധിഷ്ഠിത വ്യവസായ മേഖല യുടെയും, പ്രത്യേക സാമ്പത്തിക മേഖലയുടെയും വികസനത്തിന് Tata Consulting Engineers Ltd. എന്ന കമ്പനി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഭാരത് മാല പരിയോജന പദ്ധതി അനുസരിച്ച് തുറമുഖത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സാങ്കേതിക ഉപദേഷ്ടാവായ M/s Howe Engineering Projects (India) Pvt. Ltd. പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കി വരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് (DPR) അന്തിമ ഘട്ടത്തിലാണ്. DPR ലഭിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അഴീക്കൽ തുറമുഖ പദ്ധതി നിലവിൽ വരുന്നതോടുകൂടി വാണിജ്യ, വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. മൂന്നു ഘട്ടങ്ങളിലായി ഏകദേശം 3700 കോടി രൂപ മുതൽമുടക്കിൽ 14.2 മീറ്റർ വരെ ഡ്രാഫ്റ്റ് ഉള്ള കപ്പലുകൾക്ക് എത്തിച്ചേരാൻ സാധിക്കുന്ന തരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിരിക്കുന്നത്. സാങ്കേതിക ഉപദേഷ്ടാവായ M/s Howe |

| | | | |
|---|---|---|---|
| | | | Engineering Projects (India) Pvt Ltd. സമർപ്പിച്ച സാങ്കേതിക - സാമ്പത്തിക സാധ്യത റിപ്പോർട്ട് പ്രകാരം തുടക്കത്തിൽ, പ്രതിവർഷം ഏകദേശം 160 കപ്പലുകളും, ക്രമേണ പ്രവർത്തനത്തിന്റെ 17-ാം വർഷത്തോടെ പ്രതിവർഷം ഏകദേശം 600 കപ്പലുകളും തുറമുഖത്തേക്ക് എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി – ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവ തുറമുഖത്തിന്റെ ഗതാഗതവും വരുമാനവും വർധിപ്പിക്കുകയും അത് ലാഭകരമാക്കുകയും സർക്കാരിന്റെ നിക്ഷേപം/ഗ്രാന്റ് കുറയ്ക്കുകയും ചെയ്യുന്നതോടൊപ്പം മലബാർ മേഖലയിൽ; പ്രത്യേകിച്ച് കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിൽ സാമ്പത്തിക വികസനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യും. ഇതുമായി ബന്ധപ്പെട്ട് സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കുന്ന തിന് കൺസൽട്ടന്റായി Tata Consulting Engineers Ltd. എന്ന കമ്പനിയെ നിയമിച്ചിട്ടുണ്ട്. DPR അംഗീകരിച്ച ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ